(ഡി) പെൻഷൻ മുടക്കം കൂടാതെ നൽകുന്ന തരത്തിൽ പെൻഷൻ ഫണ്ടും മാസ്റ്റർ ട്രസ്റ്റും രൂപീകരിക്കുന്നതും പെൻഷൻ ഫണ്ടിലേക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും സർക്കാരിന്റെയും വിഹിതം നൽകുന്നതും സംബന്ധിച്ച വ്യവസ്ഥകൾ സർക്കാർ അംഗീകരിച്ചുകൊണ്ടാണ് രണ്ടാം കൈമാറ്റ പദ്ധതി പുറപ്പെടുവിച്ചിട്ടുള്ളത്.

(ഇ) പെൻഷൻ നൽകുന്നതിനായി ബഡ്ജറ്റ് അലോക്കേഷൻവഴി 2012-13 സാമ്പത്തിക വർഷം മുതൽ പ്രതിവർഷം 52.40 കോടി രൂപ സർക്കാരിൽ നിന്നും അനുവദിച്ചു കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് സർക്കാരിന് നൽകേണ്ട 31-3-2015 വരെയുള്ള ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി പെൻഷൻ ഫണ്ടിലേക്ക് ലഭിക്കേണ്ട തുക തട്ടിക്കിഴിക്കുകയുണ്ടായി. ഇപ്രകാരം 1-4-2008 മുതൽ 31-3-2012 വരെയുള്ള കാലയളവിൽ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ സർക്കാരിന് ബോർഡ് നൽകേണ്ട 1522.53 കോടി രൂപയും 1-11-2013 മുതൽ 31-12-2014 വരെ പെൻഷൻ ഫണ്ടിനത്തിൽ പ്രതിവർഷം 586.10 കോടി രൂപ വീതം ലഭിക്കേണ്ട ആകെ 683.79 കോടി രൂപയും അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്.

വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന അപകടങ്ങൾ

20(2008) ശ്രീ. കെ.ശിവദാസൻ നായർ :
ശ്രീ. എം.പി. വിൻസെന്റ് :
ശ്രീ.ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന അപകടങ്ങൾക്ക് എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് നൽകിവരുന്നത് ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് ലഭിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളതെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത നഷ്ടപരിഹാരത്തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിതരണ ശൃംഖലയിൽ നിന്നും പൊതുജനങ്ങൾക്ക് സംഭവിക്കുന്ന മാരകവും മാരകമല്ലാത്തതുമായ അപകടങ്ങൾക്ക് 'വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധനസഹായം/നഷ്ടപരിഹാരം അനുവദിച്ചുവരുന്നു. ഉപഭോക്താവിന്റെ ഉപകരണങ്ങളിൽ നിന്നും സംഭവിക്കുന്ന അപകടങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുന്നില്ല. വൈദ്യുതി അപകടങ്ങൾക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആശ്വാസധനം/നഷ്ടപരിഹാരത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിതരണ ശൃംഖലയിലെ തകരാറുകൾമൂലം പൊതുജനങ്ങൾക്ക് സംഭവിക്കുന്ന മാരകമായ അപകടങ്ങൾക്ക് 5 ലക്ഷം രൂപയും മാരകമല്ലാത്ത അപകടങ്ങൾക്ക് അപകടത്തിന്റെ ഫലമായി സംഭവിച്ച സ്ഥിരവും സ്ഥായിയുമായ അംഗ വൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുകയും (5 ലക്ഷം രൂപയുടെ) ആശ്വാസ ധനം/നഷ്ടപരിഹാരമായി നൽകി വരുന്നുണ്ട്.

2. പൊതുജനങ്ങളുടെ അശ്രദ്ധ, അറിവില്ലായ്മ എന്നിവമൂലം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിതരണ ശൃംഖലയിൽ നിന്നും സംഭവിക്കുന്ന മാരകമായ അപകടങ്ങൾക്ക് ഒരു ലക്ഷം രൂപയും മാരകമല്ലാത്ത അപകടങ്ങൾക്ക് അപകടത്തിന്റെ ഫലമായി സംഭവിച്ച സ്ഥിരവും സ്ഥായിയുമായ അംഗ വൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ (ഒരു ലക്ഷം രൂപയുടെ) തുകയും ആശ്വാസ ധനം/നഷ്ടപരിഹാരമായി നൽകിവരുന്നു.

(ബി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് സംഭവിക്കുന്ന മാരകമായ അപകടങ്ങൾക്ക് നൽകിവരുന്ന ആശ്വാസധനം ഒരു ലക്ഷം രൂപയായിരുന്നു. എന്നാൽ ഇത് 1-6-2014 മുതൽ 5 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

ആശ്വാസ ധനം/നഷ്ടപരിഹാരത്തിന്റെ അർഹത പരിശോധിക്കുന്നതിനായി താഴെപ്പറയുന്ന രേഖകൾ / വിവരങ്ങൾ ആവശ്യമായിട്ടുണ്ട്.

1. അപകടത്തിന്റെ പ്രഥമ വിവര റിപ്പോർട്ട്
2. സൈറ്റ് മഹസ്സർ
3. വിശദവിവര റിപ്പോർട്ട്
4. മരണ സർട്ടിഫിക്കറ്റ്
5. പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റ്
6. പോലീസ് എഫ്.ഐ.ആർ.
7. പോലീസ് ഇൻക്വസ്റ്റ് റിപ്പോർട്ട്
8. അനന്തരാവകാശ സർട്ടിഫിക്കറ്റ്
9. സമ്മത സത്യവാങ്മൂലം

(സി) മേൽ രേഖകൾ ലഭ്യമാകുന്ന മുറയ്ക്കുതന്നെ ആശ്വാസ ധനം/നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly